# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **10.08.2017-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1125**

## പെരുവ ഗവ. ബോയ്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയിൽ കടുത്തുരുത്തി അസംബ്ളി നിയോജക മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള പെരുവ ഗവ. വി.എച്ച്.എസ്.എസ് ഫോർ ബോയ്സിനെ ഉൾപ്പെടുത്തുന്നതിന് ഹാബിറ്റാറ്റ് തയ്യാറാക്കിയ ഡി.പി.ആർ. അനന്തര നടപടികൾക്കായി സമർപ്പിക്കപ്പെട്ടുവെങ്കിലും നാളിതുവരെ ഇതിൽ തുടർനടപടിയൊന്നും കൈക്കൊള്ളാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) & (ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പെരുവ ഗവ. വി.എച്ച്.എസ്.എസ്. ഫോർ ബോയ്സ് സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം പ്രസ്തുത സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായത്തിനായി കിഫ്ബി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സ്കൂൾ വികസനത്തിന്റെ ആദ്യഘട്ടത്തിൽ 7 കോടി രൂപയുടെ പദ്ധതിയായി ഹാബിറ്റാറ്റ് തയ്യാറാക്കിയ ഡി.പി.ആർ.പ്രകാരം ആവിഷ്കരിച്ചിരുന്ന ഈ പദ്ധതി കിറ്റ്കോയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; കിറ്റ്കോ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ